പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7190

11.07.2014-ൽ
മറുപടിയ്ക്ക്

കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എം.എ. വാഹീദ്<br>,, ലൂഡി ലൂയിസ്<br>,, ആർ. സെൽവരാജ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് കയർ സഹകരണ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; | എ) സ.ഉ.(കൈ) നമ്പർ. 139/2012/വ്യവ തീയതി 23.11.2012 പ്രകാരം കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന സേവന വേതന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.<br><br>❑ ലാഭത്തിലോ നഷ്ടത്തിലോ പ്രവർത്തിക്കുന്ന സംഘങ്ങൾ എന്ന വേർതിരിവില്ലാതെയാണ് സേവന വേതന വ്യവസ്ഥ പരിഷ്ക്കരിച്ചത്.<br><br>❑ കയർ മേഖലയിലെ എല്ലാ കാറ്റഗറിയിലേയും സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചത്.<br><br>❑ 31.12.2011-ൽ നിലവിലുണ്ടായിരുന്ന 94% ക്ഷാമബത്ത അടിസ്ഥാന വേതനത്തോടുകൂടി ലയിപ്പിച്ചു. 01.01.2012-ൽ ബാക്കിയുള്ള 12% ക്ഷാമബത്ത സംഘങ്ങളുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വ്യാപാര ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക്, സംഘം ഭരണ സമിതി സംഘങ്ങളുടെ |

| | |
|---|---|
| | സാമ്പത്തികവശം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ച് നൽകാവുന്നതാണ്.<br>❑ ഏതെങ്കിലും സ്കെയിലിൽ വാങ്ങുന്ന വേതനം ടി സ്കെയിലിന്റെ പരമാവധി എത്തുന്നു എങ്കിൽ തുടർന്നുവരുന്ന ഓരോ രണ്ട് വർഷവും കൂടുമ്പോൾ അവസാനം വാങ്ങിയ ഇൻക്രിമെന്റ് തുക സ്റ്റാഗ്നേഷൻ ഇൻക്രി- മെന്റായി നൽകുന്നതാണ്.<br>വിവിധ സംഘങ്ങൾക്ക് പരമാവധി വീട്ടുവാടക (അടിസ്ഥാന ശമ്പളത്തിന്റെ 8%) അലവൻസ് താഴെപ്പറയും പ്രകാരമാണ്.<br>ചകിരി/കയർ' സംഘങ്ങൾ – 400 രൂപ<br>മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ – 600 രൂപ<br>❑ എല്ലാ ജീവനക്കാർക്കും ഒരു വർഷം പരമാവധി 1500 രൂപ മെഡിക്കൽ അലവൻസ്<br>❑ കണ്ണട അലവൻസ് (ആകെ സർവ്വീസിൽ ഒരിക്കൽ) 100 രൂപ<br>❑ അവധി ശമ്പളം 30 ദിവസം<br>❑ ആർജ്ജിത അവധി 1/20 ദിവസം<br>❑ വനിത ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധിയ്ക്ക് അർഹത യുണ്ടായിരിക്കും.<br>❑ പരിഷ്ക്കരണം നടപ്പിലാക്കിയതിനു ശേഷം ഏതെങ്കിലും സ്കെയിലിൽ ഉയർന്ന വേതനം നിലനിൽക്കുന്നു എങ്കിൽ വ്യതിയാനം വരുന്ന തുക പേഴ്സണൽ പേ ആയി കണക്കുകൂട്ടി നൽകാവുന്നതാണ്. ടി തുക എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിക്കും. |

| | |
|---|---|
| ബി) ഇവരുടെ പ്രതിമാസവേതന വർദ്ധനവ് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | ബി)സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എല്ലാ പ്രോജക്ട് ഓഫീസർമാർക്കും നൽകുകയും സർക്കാർ ഉത്തരവ് പ്രകാരം സംഘങ്ങളെ ഉൽപ്പാദനത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ഥ കാറ്റഗറിയായി തിരിച്ച് അതാത് കാറ്റഗറിയിലുള്ള നിരക്കിൽ വേതനം നൽകുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് സംഘങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകി വരുന്നു. |
| സി) വേതന വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | സി) വിവിധതരം സംഘങ്ങളെ ഉൽപ്പാദനത്തിന്റെ തോത് അനുസരിച്ച് വ്യത്യസ്ഥ കാറ്റഗറിയിൽ നിശ്ചയിച്ചിട്ടുണ്ട്. ഇങ്ങനെ തിരിച്ചിട്ടുള്ള ഒരു കാറ്റഗറിയിലെ ഉൽപ്പാദനം മൂന്ന് വർഷം തുടർച്ചയായി വർദ്ധിച്ച് ഉയർന്ന കാറ്റഗറിയിലേക്ക് (ഡി യിൽ നിന്നും സി യിലേക്കും, സി യിൽ നിന്നും ബി യിലേക്കും ബി യിൽ നിന്നും എ യിലേക്കും) നിശ്ചയിച്ചിരിക്കുന്ന നിലയിൽ എത്തുന്നു എങ്കിൽ സംഘത്തെ ഉയർന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തേണ്ടതും ജീവനക്കാർക്ക് പ്രസ്തുത കാറ്റഗറിയിലുള്ള നിരക്കിൽ വേതനം പുതുക്കി നൽകാവുന്നതുമാണ്. ഏതെങ്കിലും സംഘത്തിന്റെ ഉൽപ്പാദനം മൂന്ന് വർഷം തുടർച്ചയായി കുറഞ്ഞ് താഴ്ന്ന കാറ്റഗറിയിലേക്ക് (എ യിൽ നിന്നും ബി യിലേക്കും, ബി യിൽ നിന്നും സി യിലേക്കും, സി യിൽ നിന്നും ഡി യിലേക്കും) കുറയുന്നു എങ്കിൽ ജീവനക്കാരുടെ വേതനവും താഴ്ന്ന കാറ്റഗറിയിൽ നിർണ്ണയിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ